**പതിനാലാം കേരള നിയമസഭ**
**അഞ്ചാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.232 — 25.04.2017 ൽ മറുപടിക്ക്

പൊതുജനാരോഗ്യ മേഖലയിൽ ആർദ്രം ആരോഗ്യ മിഷന്റെ പ്രവർത്തനം

| ചോദ്യം<br>ശ്രീ.കെ. ദാസൻ | | ഉത്തരം<br>ശ്രീമതി. കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വകുപ്പ് മന്ത്രി) | |
|---|---|---|---|
| (എ) | സംസ്ഥാനത്ത് നടപ്പാക്കുന്ന "ആർദ്രം "ആരോഗ്യ മിഷന്റെ വിശദാംശം വ്യക്തമാക്കാമോ; | (എ) & (ബി) | ആരോഗ്യ രംഗത്ത് പൊതുമേഖലയുടെ ശക്തമായ തിരിച്ചുവരവും ശക്തിപ്പെടുത്തലും വഴി സമയ ബന്ധിതമായും ശാസ്ത്രീയമായും നിശ്ചിത മാനദണ്ഡങ്ങളോടെ ആരോഗ്യമേഖലയെ പുനഃസംഘടിപ്പിക്കാനും പ്രാഥമിക ചികിത്സാ രംഗത്തിന് മുൻഗണന നൽകുവാനും ദ്വിതീയ ത്രിതീയ ആരോഗ്യരംഗത്തെ എല്ലാതലത്തിലും രോഗീ സൗഹൃദമാക്കുന്നതിനും ഗുണമേന്മയുള്ള ആരോഗ്യ സേവനങ്ങൾ ഉറപ്പുവരുത്തുന്നതിനുമാണ് ആർദ്രം ദൗത്യം ലക്ഷ്യമിടുന്നത്.<br>• ആശുപത്രിയിൽ വരുന്ന രോഗികൾക്ക് ഗുണമേന്മയുള്ളതും സൗഹാർദ്ദപരവുമായ സേവനം ഉറപ്പാക്കുക.<br>• ജില്ലാതല/താലൂക്ക് ആശുപത്രികളിൽ സ്പെഷ്യാലിറ്റി/സൂപ്പർ സ്പെഷ്യാലിറ്റി സേവനങ്ങൾ ലഭ്യമാക്കുക.<br>• പ്രാഥമികാരോഗ്യ കേന്ദ്രങ്ങളെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി പ്രവർത്തന മേഖല വിപുലപ്പെടുത്തുക. |
| (ബി) | പൊതുജനാരോഗ്യ മേഖലയിൽ ഇതിന്റെ ഭാഗമായി എന്തെല്ലാം ലക്ഷ്യങ്ങളാണ് സർക്കാർ മുന്നോട്ട് വെയ്ക്കുന്നത് എന്നത് വിശദമാക്കുമോ? | | |

| | | | | |
|---|---|---|---|---|
| | | | | • രോഗികൾക്ക് പ്രോട്ടോകോൾ/ചികിത്സ മാർഗ്ഗരേഖ പ്രകാരം ഗുണമേന്മയുള്ള ചികിത്സയും പരിചരണവും ലഭ്യമാക്കുക എന്നിവയാണ്. |

സെക്ഷൻ ഓഫീസർ